**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **29-01-2024 - ൽ മറുപടിയ്ക്ക്**

**പേരൂർക്കട ജില്ലാ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (എ) | 1. ആശുപത്രിയിലെ ഒ.പി ട്രാൻസ്ഫർമേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒ.പി. കൗണ്ടർ ഒഴികെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2.ടി ആശുപത്രിയിലെ ലാബ് നിലവിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്നു. ആയത് 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3. എച്ച്.ഡി.എഫ്.സി സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്ത് വഴി നടപ്പിലാക്കിയ ഓക്സിജൻ പ്ലാൻറ് ട്രാൻസ്ഫോമർ കണക്ട് ചെയ്ത് പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>4.ഡിജിറ്റൽ എക്സ്റേ യൂണിറ്റ് 17/01/2024 മുതൽ 24 മണിക്കൂറും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>5.ലക്ഷ്യ പദ്ധതി പ്രകാരം ലേബർ റൂമിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ കണക്ഷൻ ലഭിച്ചാലുടൻ ലേബർ റൂം, എൻ.ബി.എസ്.യു. എന്നിവയുടെ പ്രവർത്തനം ലക്ഷ്യ ക്വാളിറ്റി ഇൻപ്രൂവ്മെൻറ് പദ്ധതി പ്രകാരം നടത്തുന്നതാണ്.<br><br>6. 360 ഡിഗ്രി മെറ്റബോളിക് സെൻറർ ഹെൽത്ത് ഗ്രാൻറ് ഉപയോഗപ്പെടുത്തി തിരുവനന്തപുരം നഗരസഭ വഴി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>7. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പാലിയേറ്റീവ് വാർഡ് നിർമ്മിച്ചിട്ടുണ്ട്.<br><br>8. ഡേകെയർ കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 9. പ്ലാൻ ഫണ്ട് ഉപയോഗിച്ച് 830 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തികൾ 95 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) | പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിൽ ആറ് ഡയാലിസിസ് മെഷ്യൻ, രണ്ട് ഷിഫ്റ്റുകളിലായി പ്രവർത്തിച്ചു വരുന്നു. നൈറ്റ് ഷിഫ്റ്റ് കൂടി ആരംഭിച്ച് കൂടുതൽ രോഗികൾക്ക് ഡയാലിസിസ് സൗകര്യം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ